**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **01-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് വിമാനത്താവള റൺവേ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. കേന്ദ്ര സർക്കാർ ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനുമായി 100 കോടി രൂപ നൽകാം എന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ബാക്കി തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദേശം.<br><br>കോഴിക്കോട് വിമാനത്താവളം 2022- 2025 വർഷങ്ങളിൽ മോണിട്ടൈസേഷനുവേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. അങ്ങിനെ വന്നാൽ സർക്കാർ ഇപ്പോൾ വിമാനത്താവള വികസനത്തിനായി ചെലവഴിക്കുന്ന പണം ഏതു രീതിയിൽ തിരിച്ചുതരും എന്ന കാര്യത്തിൽ വ്യക്തതയുണ്ടായിട്ടുമില്ല. |
| (ബി) | ഈ വർഷം ഹജ്ജ് പുറപ്പെടൽ കേന്ദ്രമായി കരിപ്പൂർ വിമാനത്താവളം പ്രഖ്യാപിച്ചതിനാൽ ഹജ്ജ് സീസണിന് മുൻപ് വിമാനത്താവളത്തിൽ നടന്നു വരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിനായി 14.5 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തയ്യാറാണ് എന്നും RESA വികസനത്തിനായി വരുന്ന മൊത്തം ചെലവ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വഹിക്കണമെന്നുമുള്ള ആവശ്യങ്ങൾ കേന്ദ്ര സർക്കാർ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. വിമാനത്താവളത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും പുതിയ ആഭ്യന്തര വിമാന സർവീസുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വ്യോമയാന വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; | (സി) | റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിനായി 14.5 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തയ്യാറാണ് എന്നും RESA വികസനത്തിനായി വരുന്ന മൊത്തം ചെലവ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വഹിക്കണമെന്നുമുള്ള ആവശ്യങ്ങൾ കേന്ദ്ര സർക്കാർ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. വിമാനത്താവളത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. |
| (ഡി) | കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനം ഇറങ്ങുന്നതിനുള്ള തടസ്സം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിനായി 14.5 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തയ്യാറാണ് എന്നും RESA വികസനത്തിനായി വരുന്ന മൊത്തം ചെലവ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വഹിക്കണമെന്നുമുള്ള ആവശ്യങ്ങൾ കേന്ദ്ര സർക്കാർ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. വിമാനത്താവളത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. |
| (ഇ) | വിമാനത്താവള റൺവേ വികസനത്തിന് വേണ്ടി കുടിയൊഴിപ്പിക്കുന്നവർക്ക് ഭൂമിയും വീടും പകരം ലഭിക്കത്തക്ക വിധത്തിൽ പുതിയ പാക്കേജ് നൽകി സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | നിലവിൽ RR പാക്കേജ് തയ്യാറാക്കുന്നതിന് 2013 ലെ LARR ACT 2nd Schedule- നു വേണ്ടി സർക്കാർ പുറപ്പെടുവിച്ച 29/12/2017 തീയതിയിലെ GO (Ms) 448/2017/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ്. |

സെക്ഷൻ ഓഫീസർ